പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4757 27/06/2014-ൽ മറുപടിയ്ക്ക്

## മാതൃകാ ഹൈടെക് ഹരിത ഗ്രാമങ്ങൾ

ചോദ്യം
ശ്രീ.സി. ദിവാകരൻ

മറുപടി
ശ്രീ . കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) മാതൃകാ ഹൈടെക് ഹരിത ഗ്രാമങ്ങൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് ? | എ) കേരളത്തിലെ 14 ജില്ലകളിലെയും ഓരോ പഞ്ചായത്തിനെ വീതം ഹൈടെക് ഹരിതഗ്രാമം പദ്ധതി നടപ്പിലാക്കുവാൻ തിരഞ്ഞെടുത്ത് സർക്കാർ ഉത്തരവായിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ മാണിക്കൽ, കൊല്ലം ജില്ലയിൽ പെരിനാട്, പത്തനംതിട്ട ജില്ലയിൽ ഇരവിപേരൂർ, ആലപ്പുഴ ജില്ലയിൽ മാരാരിക്കുളം സൗത്ത്, കോട്ടയം ജില്ലയിൽ വാഴൂർ, ഇടുക്കി ജില്ലയിൽ കാമാക്ഷി, എറണാകുളം ജില്ലയിൽ മൂക്കന്നൂർ, തൃശ്ശൂർ ജില്ലയിൽ താന്നിയം, പാലക്കാട് ജില്ലയിൽ അഗളി, മലപ്പുറം ജില്ലയിൽ പുലാമന്തോൾ, കോഴിക്കോട് ജില്ലയിൽ ചേമഞ്ചേരി, വയനാട് ജില്ലയിൽ തിരുനെല്ലി, കണ്ണൂർ ജില്ലയിൽ പെരിങ്ങോം വയക്കര, കാസറഗോഡ് ജില്ലയിൽ മൊഗ്റാൽ പുത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകളാണ് മാതൃകാ ഹൈടെക് ഹരിതഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുത്ത് ഉത്തരവായിരിക്കുന്നത്. മാതൃകാ ഹൈടെക് ഹരിതഗ്രാമങ്ങൾ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ